നം. H3/18346/16

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
തീയതി: 31..10..2017
Email : swdkerala@gmail.com
Phone: 0471-2306040

സാമൂഹ്യനീതി ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
(തിരുവനന്തപുരം, എറണാകുളം, തൃശൂർ, കോഴിക്കോട് ഒഴികെ)

സർ,

വിഷയം :സാമൂഹ്യനീതി വകുപ്പ് - എല്ലാ ജില്ലകളിലും ആശാഭവനുകൾ ആരംഭിക്കുന്നത് - സംബന്ധിച്ച്.

സൂചന :10/6/16, 4/10/16, 6/2/17, 5/6/17 തീയതികളിലെ ഇതേ നമ്പർ കത്തുകൾ.

സൂചനയിലേക്ക് ശ്രദ്ധക്ഷണിക്കുന്നു. നിലവിൽ ആശാഭവൻ ഇല്ലാത്ത ജില്ലകളിൽ ആശാഭവൻ ആരംഭിക്കുന്നതിനായി സ്ഥലം / കെട്ടിടം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സൂചന പ്രകാരം നിർദ്ദേശിച്ചിരുന്നു. മലപ്പുറം ജില്ലയിൽ നിലവിലത്തെ റെസ്ക്യൂഹോമിന്റെ ഒരു ഭാഗം ആശാഭവൻ പ്രവർത്തനത്തിനായി പ്രയോജനപ്പെടുത്താമെന്നും ഇടുക്കി ജില്ലയിൽ കരിങ്കുന്ന പഞ്ചായത്തിലെ മാതൃകാ അങ്കണവാടിക്ക് സമീപമുള്ള വികലാംഗ വർക്ക് ഷെഡ് ടി ആവശ്യത്തിനായി ഉപയോഗിക്കാമെന്നും ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ റിപ്പോർട്ട് ചെയ്തിരുന്നു. മറ്റ് ജില്ലകളിൽ സ്ഥലം ലഭ്യമല്ലായെന്നോ സ്ഥലം ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടോയെന്നോ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ടി വിഷയത്തിൽ ഇപ്പോഴത്തെ സ്ഥിതി വിവരം അടിയന്തിരമായി അറിയിക്കണമെന്ന് നിർദ്ദേശിക്കുന്നു. മലപ്പുറം, ഇടുക്കി ജില്ലാ ഓഫീസർമാർ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

*NA / 2017*